REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-10-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ലോകത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഇന്ത്യയുടെ പങ്ക് സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ നരേന്ദ്രമോദി ഇന്ന് റഷ്യയിലേക്ക് യാത്ര തിരിക്കും.**
- **അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **കണ്ണൂർ ADM നവീൻ ബാബുവിന് കൈക്കൂലി നൽകിയെന്ന് ആരോപിച്ച TV പ്രശാന്തിനെതിരെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പുതല അന്വേഷണം നടത്തുമെന്ന് മന്ത്രി വീണാ ജോർജ്ജ്.**
- **സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടു പിടിക്കുന്നു.**

## വാർത്തകൾ വിശദമായി

ലോകത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഇന്ത്യയുടെ പങ്ക് സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. എല്ലാ മേഖലകളിലും അഭൂതപൂർവമായ മുന്നേറ്റമാണ് രാജ്യത്തിന്റേതെന്നും ന്യൂഡൽഹിയിൽ NDTV ലോക ഉച്ചകോടിയിൽ പ്രധാനമന്ത്രി വ്യക്തമാക്കി. മൂന്നാം NDA ഗവൺമെന്റ് ഭരണമേറ്റ് 125 ദിവസത്തിനകം ഒമ്പത് ലക്ഷം കോടി രൂപയുടെ അടിസ്ഥാനമേഖലാ പദ്ധതികൾക്ക് അംഗീകാരം നൽകിയതായും 15 പുതിയ വന്ദേഭാരത് ട്രെയിനുകൾ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. എട്ട്

വിമാനത്താവളങ്ങളുടെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു, അഞ്ച് ലക്ഷം വീടുകളിൽ പുരപ്പുറ സൗരോർജ്ജ യൂണിറ്റ്, 90 കോടി മരത്തൈ നടൽ തുടങ്ങിയവ പൂർത്തീകരിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

ലോകം അനിശ്ചിതത്വത്തിൽ അകപ്പെട്ടപ്പോൾ ഇന്ത്യ പ്രത്യാശയുടെ വെളിച്ചമായി മാറിയെന്നും നരേന്ദ്രമോദി കൂട്ടിച്ചേർത്തു. കോവിഡ്-19, പണപ്പെരുപ്പം, തൊഴിലില്ലായ്മ, കാലാവസ്ഥാ വ്യതിയാനം, യുദ്ധങ്ങൾ തുടങ്ങിയ വിഷയങ്ങൾ എടുത്തുകാണിച്ച പ്രധാനമന്ത്രി ആഗോള സാഹചര്യങ്ങളോട് ഇന്ത്യ ക്രിയാത്മകമായി പ്രതികരിക്കുമെന്ന് നരേന്ദ്രമോദി എടുത്തുപറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ന് റഷ്യയിലേക്ക് തിരിക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക രാജ്യങ്ങളുൾപ്പെടുന്ന 16-ാം ബ്രിക്സ് ഉച്ചകോടി നാളെയാണ് റഷ്യയിലെ കസാനിൽ ആരംഭിക്കുന്നത്. രണ്ട് ദിവസത്തെ ഉച്ചകോടിക്കിടെ ബ്രിക്സ് അംഗങ്ങളുടെ നേതാക്കളുമായും, മറ്റ് ക്ഷണിതാക്കളുമായും പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

'ആഗോള വികസനത്തിനും, സുരക്ഷയ്ക്കും വേണ്ടി ബഹുരാഷ്ട്രവാദത്തെ ശക്തിപ്പെടുത്തുക' എന്ന വിഷയത്തിലാണ് കസാനിലെ ഉച്ചകോടി നടക്കുന്നത്.

✪✪✪

കർത്തവ്യ നിർവഹണത്തിനിടെ ജീവ ത്യാഗം ചെയ്ത പൊലീസിലെ രക്തസാക്ഷികൾക്ക് ന്യൂഡൽഹിയിലെ പൊലീസ് സ്മാരകത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ പുഷ്പചക്രം അർപ്പിച്ചു. ആഭ്യന്തര സഹമന്ത്രി ബൻഡീ സഞ്ജയ് കുമാർ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ എന്നവരും മുതിർന്ന ഉദ്യോഗസ്ഥരും പൊലീസ് സ്മൃതിദിനചടങ്ങിൽ പങ്കെടുത്തു.

ജോലിക്കിടയിൽ ഉണ്ടായ സംഘർഷങ്ങളിൽ ജീവത്യാഗം ചെയ്ത പൊലീസ് ഉദ്യോഗസ്ഥരുടെ എണ്ണം 36,468 ആണെന്ന് അമിത് ഷാ പറഞ്ഞു. കഴിഞ്ഞ ഒരുവർഷം മാത്രം രക്തസാക്ഷികളായത് 216 പേരാണെന്നും അദ്ദേഹം അറിയിച്ചു. ധീരരായ പൊലീസ് ഉദ്യേഗസ്ഥരുടെയും സൈനിക ഉദ്യോഗസ്ഥരുടേയും ശ്രമഫലമായി ജമ്മു കശ്മീരിൽ സമാധാനം പുനഃസ്ഥാപിക്കാനായി. മൂന്ന് പുതിയ ക്രിമിനൽ നിയമ പരിഷ്കരണത്തിലൂടെ ലോകത്തെ ഏറ്റവും ആധുനികമായ ക്രിമിനൽ നിയമവ്യവസ്ഥ രാജ്യത്ത് നടപ്പാക്കാനായെന്നും അമിത് ഷാ വിലയിരുത്തി.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് അലിഗഡ് രാജ മഹേന്ദ്ര പ്രതാപ് സിംഗ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ആദ്യ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 41 സ്വർണമെഡലുകൾ ജഗദീപ് ധൻകറും ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേലും ചേർന്ന് വിതരണം ചെയ്യും.

✪✪✪

അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, നഗര തദ്ദേശ സ്ഥാപനം ഉൾപ്പെടെ ഒമ്പത് വിഭാഗങ്ങളിലായി 38 പുരസ്കാരങ്ങളാണ് കേന്ദ്ര ജലശക്തി മന്ത്രാലയം പ്രഖ്യാപിച്ചത്.

✪✪✪

അസംഘടിത തൊഴിലാളികൾക്കായി ഏകജാലക പരിഹാരമായ ഇ-ശ്രം ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി ഡോ.മൺസൂഖ് മാണ്ഡവ്യ ഉദ്ഘാടനം ചെയ്യും. അസംഘടിത തൊഴിലാളികൾക്ക് വിവിധ ഗവൺമെന്റ് പദ്ധതികളിലേക്ക് അതിവേഗം പ്രവേശനം ഉറപ്പാക്കാൻ ഇ-ശ്രം പദ്ധതിയിലൂടെ സാധ്യമാകും.

✪✪✪

ഇന്ന് ലോക അയഡിൻ അപര്യാപ്തതാ ദിനം. അയഡിൻ കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾ തടയുന്നത് ലക്ഷ്യമിട്ടാണ് എല്ലാവർഷവും ഒക്ടോബർ 21 ലോക അയഡിൻ അപര്യാപ്തതാ ദിനമായി ആചരിക്കുന്നത്. നല്ല ആരോഗ്യം നിലനിർത്തുന്നതിൽ അയോഡിന്റെ പ്രധാന പങ്കിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും അയോഡിന്റെ കുറവിന്റെ അനന്തരഫലങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനും ദിനാചരണത്തിൽ പ്രാധാന്യം നൽകുന്നുണ്ട്.

✪✪✪

കണ്ണൂർ ADM നവീൻ ബാബുവിന് കൈക്കൂലി നൽകിയെന്ന് ആരോപിച്ച TV പ്രശാന്തിനെതിരെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പുതല അന്വേഷണം നടത്തുമെന്ന് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. പരിയാരം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ, DMOക്ക് നൽകിയ റിപ്പോർട്ട് തൃപ്തികരമല്ലെന്നും പ്രശാന്ത് നിലവിൽ ഗവൺമെന്റ് ഉദ്യോഗസ്ഥനല്ലെന്നും മന്ത്രി പറഞ്ഞു. കരാർ ജീവനക്കാരനാണെങ്കിൽ അയാളുടെ സർവീസ് അവസാനിപ്പിക്കാൻ നിർദേശം നൽകും. പ്രശാന്തിനെ പുറത്താക്കുന്നതിൽ നിയമോപദേശം തേടിയതായും മന്ത്രി പറഞ്ഞു.

മെഡിക്കൽ കോളജ് ജീവനക്കാരനായിരിക്കെ പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് അപേക്ഷ നൽകിയത് സംബന്ധിച്ചാണ് പ്രശാന്തിനെതിരെ അന്വേഷണം നടത്തുന്നത്.

✪✪✪

ADM കെ നവീൻ ബാബുവിന്റെ മരണത്തിന് ഉത്തര വാദികളായവർക്കെതിരെ നടപടി ആവശ്യപ്പെട്ട് യൂത്ത് ലീഗ് പ്രവർത്തകർ രാവിലെ കണ്ണൂർ നഗരത്തിൽ റോഡ് ഉപരോധിച്ചു. പ്രവർത്തകരെ ടൗൺ പോലീസ് അറസ്റ്റ് ചെയ്ത് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

ADMമ്മിന്റെ മരണത്തിൽ ആരോപണ വിധേയനായ കണ്ണൂർ പരിയാരം ഗവ മെഡിക്കൽ കോളേജ് ജീവനക്കാരനെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് കണ്ണൂർ ജില്ലാ കമ്മറ്റി പരിയാരം മെഡിക്കൽ കോളേജിലേക്ക് മാർച്ച് നടത്തി. BJPയുടെ കലക്ടേറ്റ് മാർച്ച് അൽപസമയത്തിനകം ആരംഭിക്കും.

✪✪✪

കണ്ണൂർ ADM  ആയിരുന്ന  കെ.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി.ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയുടെ പരിഗണന വ്യാഴാഴ്ചത്തേക്ക് മാറ്റി. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യ ഹർജി പരിഗണിച്ചത്.

✪✪✪

വിമാനയാത്ര ചെയ്യാൻ ആഗ്രഹിക്കുന്ന സാധാരണക്കാർക്ക് ഏറെ സഹായകരമാവുകയാണ് കേന്ദ്ര ഗവൺമെൻറ് നടപ്പാക്കിയ ഉഡാൻ പദ്ധതി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K O ശശിധരൻ

......വോയ്സ് .............

സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ രാജ്യത്തിനകത്ത് യാത്ര ചെയ്യുന്നതിനായി കേന്ദ്ര ഗവൺമെൻറ് 2017 ലാണ് ഉഡാൻ പദ്ധതി ആരംഭിച്ചത് .ആഭ്യന്തര സർവീസുകൾ പ്രോത്സാഹിപ്പിക്കുന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു .2017 ഏപ്രിൽ 27നാണ് പ്രധാനമന്ത്രി രാജ്യത്തെ ആദ്യത്തെ ഉഡാൻ സർവീസ് ഉദ്ഘാടനം ചെയ്തത് .നിലവിൽ രാജ്യത്ത് 601 സർവീസുകളാണ് ഇതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്. കേരളത്തിൽ കണ്ണൂർ, കൊച്ചി, തിരുവനന്തപുരം ,കോഴിക്കോട് എയർപോർട്ടുകൾ ഉഡാൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്

✪✪✪

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന്റെ പ്രചാരണം ചൂടു പിടിക്കുന്നു. നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന് അഞ്ച് ദിവസം മാത്രം ബാക്കി നിൽക്കെ മൂന്നിടത്തും സ്ഥാനാർത്ഥികളും പ്രവർത്തകരും തെരഞ്ഞെടുപ്പ് റാലികളും പ്രകടനങ്ങളുമായി പ്രചാരണം ആരംഭിച്ചു കഴിഞ്ഞു. പ്രധാന സ്ഥാനാർത്ഥികളൊന്നും ഇതുവരെ പത്രിക നൽകിയിട്ടില്ല. ഇന്നും നാളെയും മറ്റന്നാളുമായി പത്രികാസമർപ്പണം പൂർത്തിയാകുന്നതോടെ പ്രചാരണം കൂടുതൽ ശക്തമാകും. വയനാട് ലോക് സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണും.

✪✪✪

പാലക്കാട്ടോ ചേലക്കരയിലോ കോൺഗ്രസ് സ്ഥാനാർത്ഥികളെ മാറ്റുന്ന കാര്യം ഒരുതരത്തിലും പരിഗണനയിലില്ലെന്ന് കോൺഗ്രസ് നേതാവ് K.മുരളീധരൻ വ്യക്തമാക്കി. ഇരുമണ്ഡലങ്ങളിലും PV അൻവറിന് സ്വാധീനമുണ്ടെന്ന് കരുതുന്നില്ലെന്നും മുരളീധരൻ കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. സ്ഥാനാർത്ഥികളെ വെച്ച് വിലപേശുന്നത് ശരിയായ നടപടിയല്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ UDFന് സ്ഥാനാർത്ഥി നിർണയത്തിൽ പാളിച്ച സംഭവിച്ചിട്ടില്ലെന്ന് AICC ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി പറഞ്ഞു. രാഹുൽ മാങ്കൂട്ടത്തിലിന് സ്ഥാനാർത്ഥിത്വം നൽകിയത് അദ്ദേഹത്തിന്റെ പ്രവർത്തനം മുൻനിർത്തിയാണെന്നും അവർ സ്വകാര്യ ചാനലിനോട് പറഞ്ഞു. ഡോ.പി സരിൻ പാർട്ടി വിട്ടത് ദൗർഭാഗ്യകരമാണെന്നും ദീപാദാസ് മുൻഷി അഭിപ്രായപ്പെട്ടു.

✪✪✪

LDF യോഗം ഇന്ന് ചേരും. ഉപതെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വിലയിരുത്താനും പ്രചാരണ പരിപാടികൾ ആവിഷ്കരിക്കാനുമായാണ് തിരുവനന്തപുരത്ത് ഉച്ചകഴിഞ്ഞ് യോഗം ചേരുന്നത്.

✪✪✪

'എന്റെ ഭൂമി' സംയോജിത വെബ് പോർട്ടൽ സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കുടക്കീഴിൽ

ലഭ്യമാകുന്ന പദ്ധതിയാണ് എന്റെ ഭൂമി. റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായാണ് സംവിധാനം നടപ്പാക്കുന്നത്.

✪✪✪

കായിക താരങ്ങൾക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും ഗവൺമെന്റ് നൽകുന്നുണ്ടെന്നും, കായിക രംഗത്ത് മുന്നേറാൻ വിദ്യാർത്ഥികൾ നന്നായി പരിശ്രമിക്കണമെന്നും, പങ്കാളിത്തം ഉറപ്പാക്കണമെന്നും നിയമസഭ സ്പീക്കർ AN ഷംസീർ പറഞ്ഞു.

കണ്ണൂർ റവന്യു ജില്ല സ്കൂൾ കായികമേള തലശ്ശേരി ജസ്റ്റിസ് VR കൃഷ്ണയ്യർ സ്മാരക മുൻസിപ്പൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായിക മേളയ്ക്ക് തുടക്കമായി. മെഡിക്കൽ കൊളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിലാണ് മത്സരം നടത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു.

(വോയ്സ് .....)

✪✪✪

മലപ്പുറം റവന്യൂ ജില്ലാ സ്കൂൾ കായികമേള ഇന്ന് മുതൽ 23 വരെ കാലിക്കറ്റ് സർവ്വകലാശാല സ്റ്റേഡിയത്തിൽ നടക്കും. 17 ഉപജില്ലകളിൽ നിന്നായി 5000 ത്തോളം കായിക താരങ്ങൾ മേളയിൽ പങ്കെടുക്കും.

✪✪✪

തൃശ്ശൂർ പൂരം വെടിക്കെട്ടുമായി ബന്ധപ്പെട്ട പുതിയ വിജ്ഞാപനം നിരാശപ്പെടുത്തുന്നതാണെന്ന് തിരുവമ്പാടി ദേവസ്വം അഭിപ്രായപ്പെട്ടു. നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്നത് വർഷങ്ങളായ ആവശ്യമാണ്. വിഷയത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പരസ്പരം പഴിചാരുകയല്ലാതെ പരിഹാരം കാണുന്നില്ലെന്നും ഗിരീഷ് കുമാർ ആരോപിച്ചു.

✪✪✪